**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6088 — 20.11.2019 ലെ മറുപടിയ്ക്ക്.

## കൊട്ടാരക്കര മണ്ഡലത്തിലെ വാത്സല്യനിധിപദ്ധതി

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി -പട്ടിക വർഗ്ഗ വകുപ്പ് നടപ്പാക്കി വരുന്ന വാത്സല്യനിധി. ഗോത്ര വാത്സല്യനിധി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ബന്ധപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിന്നും 66 അപേക്ഷകൾ വാത്സല്യനിധി പദ്ധതിയുമായി ബന്ധപ്പെട്ട് കൊട്ടാരക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിന്നും ഗോത്ര വാൽസല്യ നിധിയിൽ ആനുകൂല്യത്തിനായി അപേക്ഷകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കൂടുതൽ പ്രചരണത്തിനായി എന്തെല്ലാം കാര്യങ്ങൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) | ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ജില്ലാ പട്ടികജാതി വികസന ഓഫീസ്, എസ്.സി പ്രൊമോട്ടർമാർ, അംഗൻവാടി വർക്കർമാർ, ഹെൽപർമാർ, ആശാവർക്കർമാർ എന്നിവർ മുഖാന്തിരവും പട്ടികജാതി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള പടവുകൾ എന്ന മാസിക മുഖാന്തിരവും പ്രചരണം നൽകുന്നുണ്ട്. കൂടാതെ സർക്കാർ തന്നെ പൊതുജന വിവരസമ്പർക്ക വകുപ്പുമായി ബന്ധപ്പെട്ട് പ്രചരണം നൽകുന്നുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള പ്രൊമോട്ടർമാർ/ഹെൽത്ത് പ്രൊമോട്ടർമാർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ മുഖേന പദ്ധതി സംബന്ധിച്ച് വ്യാപകമായ പ്രചരണം നടത്തി അർഹരായ അപേക്ഷകരെ കണ്ടെത്തി അപേക്ഷ സ്വീകരിച്ച് ഗുണഭോക്താക്കളെ ഇൻഷ്വർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും പദ്ധതിയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് കൈപ്പുസ്തകം, ബ്രോഷർ എന്നിവ അച്ചടിച്ച് പട്ടികവർഗ്ഗ മേളകളിൽ പ്രചരിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ